ഉത്തരം

(എ) 1986-87 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(ബി) ആവശ്യമായ തുക ഇല്ലാത്തതുകൊണ്ട്.

(സി) 1985-86-ലെ ബഡ്ജറ്റിൽ 16,000 രൂപ വകയിരുത്തിയിട്ടുണ്ട്.

ജീവപര്യന്തം തടവുകാർ

183. [252] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14 കൊല്ലത്തിലേറെയായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിയുന്ന 13 ജീവപര്യന്തം തടവുകാരെ ഉടൻ മോചിപ്പിക്കണമെന്ന് മാർച്ച് 4-ാം തീയതി ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ മോചിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിമൂന്നുപേരിൽ 7 പേരെ ജയിൽ ഉപദേശക സമിതിയുടെ ശുപാർശപ്രകാരം 31-1-1986-ൽ വിട്ടയയ്ക്കുവാൻ ഉത്തരവ് നൽകി. ബാക്കിയുള്ളവരുടെ മോചനക്കാര്യം പരിശോധിച്ചുവരുന്നു.

സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ

184. [253] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കൊലപാതകങ്ങൾ സംസ്ഥാനത്ത് നടന്നു ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) 23-8-1985 വരെ 1603 കൊലപാതകങ്ങൾ നടന്നു. ബാക്കി വിവരം ശേഖരിച്ചു വരുന്നു.

ബലാൽസംഗക്കേസുകൾ

185. [256] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ സംസ്ഥാനത്തൊട്ടാകെ എത്ര ബലാൽസംഗക്കേസുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ എത്ര ഹരിജൻ യുവതികൾ ഉൾപ്പെട്ടിട്ടുണ്ട് ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) അതിൽ എത്ര കേസുകളിൽ വിധി പറഞ്ഞു ;

(ഇ) വിധി പറഞ്ഞതിൽ എത്രയെണ്ണം ശിക്ഷിച്ചു ; എത്രയെണ്ണം വെറുതെവിട്ടു ;

(എഫ്) എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly